Appendix H4

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

മൃഗസംരക്ഷണ(ഇ) വകുപ്പ്

നമ്പർ: E3/332/2023-AH

13-12-2024,തിരുവനന്തപുരം

<u>നോട്ടീസ്</u>

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജനായ ഡോ.എം.എ.നിസ്സാം എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ താങ്കൾ കൊല്ലം ജില്ലയിലെ ചിതറ വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലി നോക്കി വരവേ ടി സ്ഥാപനത്തിൽ 23/12/2011 മുതൽ 18/2/2014 വരെ കാലയളവിൽ നടത്തിയ വിശദ പരിശോധനാ കരിപ്പിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിരവധി കത്തുകൾ നൽകിയിട്ടും പ്രതികരിക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്യാതിരിക്കുക, മേൽ കാലയളവിലെ വിശദ പരിശോധനാ റിപ്പോർട്ടിലെ ഇനിയും തീർപ്പാക്കാനുള്ള ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ താങ്കളുടെ പേരിൽ 75,673/- രൂപ (എഴുപത്തി അയ്യായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ) ബാധ്യത വരുത്തുക മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെയും ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെയും കത്തുകൾക്കും നോട്ടീസുകൾക്കും പ്രതികരിക്കാതിരിക്കുക എന്നിവ താങ്കളുടെ വീഴ്ചയായി കണക്കാക്കി താങ്കൾക്കെതിരെ 1960-ലെ KCS (CC & A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് 21.10.2024-ലെ E3/332/2023-AH നമ്പർ കുറ്റപത്രവും കുറ്റാരോപണമെമ്മോയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന താങ്കളുടെ അറിയാവുന്ന മേൽവിലാസത്തിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ നോട്ടീസ് കൈപ്പറ്റിയതിന്റെ പകർപ്പോ മറുപടിയോ നാളിതുവരെ ലഭിച്ചിട്ടില്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും ഇനിയൊരറിയിപ്പ് നല്കാതെ തന്നെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ എടുക്കുന്നതുമാണ്. കുറ്റപത്രത്തിന്റെയും കുറ്റാരോപണമെമ്മോയുടെയും പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന കൃത്യമായ നിങ്ങളുടെ കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

Signed by K Shashidhar Srinivas
Date: 13-12-2024 13:15:05

K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി